പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - **141** **14. 06. 2013-** ലെ മറുപടി

## പ്രവാസീപുനരധിവാസത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാട്ടുകളിലെ സ്വദേശിവത്കരണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികൾക്ക് നാട്ടിലെത്തുന്നതിനും പുനരധിവാസത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) ഗൾഫ് നാട്ടുകളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവത്കരണം കർശനമാക്കിയതിനെത്തുടർന്ന് നാട്ടിലേക്ക് തിരികെപോവേണ്ടതായിവരുന്ന മലയാളികൾക്ക് നോർക്ക വകുപ്പ് താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുവരുന്നു.<br><br>• കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും നോർക്ക സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു.<br><br>• പ്രസ്തുത സഹായക കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവരുടെ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ഫാറത്തിൽ പ്രവാസികൾക്ക് വിവരങ്ങൾ രേഖപ്പെടുത്തി സഹായക കേന്ദ്രങ്ങളിൽ ഏൽപ്പിക്കാവുന്നതാണ്. തിരികെയെത്തുന്നവരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഈ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്.<br><br>• സ്വദേശിവത്കരണം കർശനമാക്കിയതുമൂലം തിരികെ നാട്ടിലേയ്ക്ക് മടങ്ങിവരേണ്ടിവരുമെന്ന് കരുതുന്ന സൗദിയിലുള്ള മലയാളികൾക്ക് സംശയ ദൂരീകരണത്തിനും, എംബസ്സിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ, പുനരധിവാസം, എയർപോർട്ടിലെ ക്രമീകരണങ്ങൾ എന്നിവ 24 മണിക്കൂറും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ നോർക്ക കോൾ സെന്ററിന്റെ പ്രവർത്തനം 24 X 7 യായി ദീർഘിപ്പിച്ചു.<br><br>• തിരികെയെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ് വെബ്സൈറ്റിൽ തങ്ങളുടെ പേരും വിശദാംശങ്ങളും ഓൺലൈനായി രേഖപ്പെടുത്തുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

- എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് കേരളത്തിലുളള പ്രവാസികളുടെ കാനേഷുമാരി നടന്നു വരികയാണ്.
- തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി നിയോഗിച്ചിട്ടുണ്ട്.
- തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സമഗ്ര പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012 –13 ൽ 1 കോടി രൂപ നൽകുകയും 2013–14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂൺ 30 വരെ സൌകര്യമേർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി)ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പഠിക്കുന്നതിനും അവർക്ക് സഹായം എത്തിക്കുന്നതിനും പ്രത്യേക സംഘത്തെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലാണ് വിദേശകാര്യം സംബന്ധിച്ച വിഷയങ്ങൾ. അതിനാൽ സംസ്ഥാന സർക്കാരിന് ഗൾഫ് മലയാളികളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പഠിക്കുന്നതിന് പ്രത്യേക സംഘത്തെ നിയമിക്കുന്നതിന് പ്രായോഗിക പരിമിതികളുണ്ട്. എങ്കിലും നോർക്ക വകുപ്പ് കേന്ദ്ര സർക്കാരും, ഗൾഫ് രാജ്യങ്ങളിലെ നയതന്ത്രപ്രതിനിധികളും മറ്റുമായി വിശദമായ ചർച്ചകൾ നടത്തിയും ആവശ്യമായിവരുന്ന സാഹചര്യങ്ങളിൽ പ്രത്യേക സംഘങ്ങളെ നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നിയോഗിച്ചും ഗൾഫ് രാജ്യങ്ങളിലെ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ടുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ